# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 502** **02-12-2014 ലെ മറുപടിയ്ക്ക്**

## <u>നടപ്പ് സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ലഭിച്ച നികുതി വരുമാനം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ. ജെയിംസ് മാത്യു :** | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| എ) 2014-15 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ സംസ്ഥാനം പ്രതീക്ഷിച്ച നികുതി വരുമാനം മൊത്തം എത്ര കോടിയുടേതായിരുന്നു ? അത് മുൻവർഷത്തേതിനേക്കാൾ എത്ര ശതമാനം കൂടിയ നിലയിലായിരുന്നു ?<br>ബി) ആദ്യ പകുതിയിൽ പ്രതീക്ഷിച്ച നികുതി വരുമാനത്തിൽ എത്ര ശതമാനം തുക ലഭിച്ചു; | എ) & ബി) 2014-15 സാമ്പത്തിക വർഷത്തിലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം വിവിധ നികുതിയിനങ്ങളിലായി പ്രതീക്ഷിക്കുന്ന ആകെ നികുതി വരുമാനം, അക്കൌണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 30-09-2014 വരെ ലഭിച്ച യഥാർത്ഥ വരുമാനം, മറ്റ് വിശദവിവരങ്ങൾ എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| സി) ഈ കാലയളവിൽ പ്രതീക്ഷിച്ച മറ്റ് വരുമാന സ്രോതസ്സുകൾ ഏതെല്ലാമായിരുന്നു? ഓരോ സ്രോതസ്സിൽ നിന്നും എത്ര കോടി വീതമായിരുന്നു പ്രതീക്ഷിച്ചിരുന്നത് ? മറ്റ് വരുമാന സ്രോതസ്സിൽ നിന്നും പ്രതീക്ഷിച്ചതിന്റെ എത്ര ശതമാനം തുക പിരിഞ്ഞുകിട്ടുകയുണ്ടായി? ഓരോ സ്രോതസ്സിൽ നിന്നും കിട്ടിയ തുക വെളിപ്പെടുത്താമോ? | സി) കേന്ദ്ര നികുതി വിഹിതം, നികുതിയേതര വരുമാനം, കേന്ദ്ര ധനസഹായം, പലവക മൂലധന വരവുകൾ എന്നിവയാണ് മറ്റ് വരുമാന സ്രോതസ്സുകൾ. ഇവയിൽ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിക്കുന്ന ആകെ വരുമാനം, അക്കൌണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 30-09-2014 വരെ ലഭിച്ച യഥാർത്ഥ വരുമാനം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| മറ്റ് വരുമാന സ്രോതസ്സുകൾ | ബജറ്റ് എസ്റ്റിമേറ്റ് (Crores) | 30-09-2014 വരെ ലഭിച്ച യഥാർത്ഥ വരുമാനം(Crs.) |
|---|---|---|
| കേന്ദ്ര നികുതി വിഹിതം | 9365.36 | 3874.86 |
| നികുതിയേതര വരുമാനം | 6337.47 | 2652.72 |
| കേന്ദ്ര ധനസഹായം | 6672.02 | 2788.09 |
| പലവക മൂലധന വരവുകൾ | 25.03 | 5.91 |

ഡി) ഈ കാലയളവിൽ ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിലും കുറഞ്ഞുപോയ വരുമാന സ്രോതസ്സുകൾ ഏതൊക്കെയാണ്? വിശദമാക്കാമോ?

ഡി) 2014-15 സാമ്പത്തിക വർഷം അവസാനിച്ചിട്ടില്ലാത്തതിനാൽ ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിലും കുറഞ്ഞുപോയ വരുമാന സ്രോതസ്സുകൾ ഇപ്പോൾ കണ്ടെത്താനാവില്ല.

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2014–15 | 30/09/2014 വരെയുള്ള കണക്കുകൾ | 30/09/2013 വരെയുള്ള കണക്കുകൾ | % |
|---|---|---|---|---|
| | തുക കോടിയിൽ | | | |
| കേന്ദ്ര നികുതി വിഹിതം | | | | |
| കോർപ്പറേഷൻ നികുതി | 3241.71 | 1299.84 | 1208.10 | 7.59% |
| കോർപ്പറേഷൻ നികുതി ഒഴിച്ചുള്ള ദായനികുതികൾ | 2006.57 | 893.68 | 747.78 | 19.51% |
| സമ്പത്ത് നികുതി | 8.11 | 3.00 | 3.00 | 0.00% |
| കസ്റ്റംസ് തീരുവ | 1513.36 | 602.06 | 564 | 6.75% |
| കേന്ദ്ര എക്സൈസ് തീരുവ | 1065.52 | 393.28 | 397.08 | -0.96% |
| സേവന നികുതി | 1530.09 | 683.00 | 570.24 | 19.77% |
| **കെ കേന്ദ്ര നികുതി വിഹിതം** | **9365.36** | **3874.86** | **3490.20** | **11.02%** |
| സംസ്ഥാന തനത് നികുതി വരവ് | | | | |
| കാർഷികാദായ നികുതി | 26.35 | 0.94 | 2.45 | -61.63% |
| ഭൂ നികുതി | 169.57 | 89.78 | 47.41 | 89.37% |
| മുദ്രപ്പത്രവും രിസ്ട്രേഷനും | 3733.67 | 1227.69 | 1248.33 | -1.65% |
| കൃഷി ഭൂമി ഒഴികെയുള്ള സ്ഥാവരവസ്തുവിൻമേലുള്ള നികുതികൾ | 90.14 | 29.14 | 23.33 | 24.90% |
| സംസ്ഥാന എക്സൈസ് | 3208.36 | 916.97 | 986.23 | -7.02% |
| വിൽപന നികുതി | 31913.47 | 13410.21 | 11580.12 | 15.80% |
| വാഹന നികുതികൾ | 2799.82 | 1175.04 | 1006.73 | 16.72% |
| വിദ്യുക്തിയിൻമേലുള്ള നികുതികളും തീരുവകളും | 309.14 | 21.44 | 17.61 | 21.75% |
| ക്രയ വസ്തുക്കളെയും സേവനങ്ങളെയും സംന്ധിക്കുന്ന മറ്റു നികുതികളും തീരുവകളും | 216.97 | 76.90 | 74.05 | 3.85% |
| **കെ സംസ്ഥാന തനത് നികുതി വരവ്** | **42467.49** | **16948.11** | **14986.26** | **13.09%** |

(signature)

സെക്ഷൻ ഓഫീസർ